**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല വിപുലപ്പെടുത്തിയും ഉൽപ്പാദനച്ചെലവ് കുറച്ചും വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വിതരണ ശൃംഖലയെ വിവിധ ഡി.എം.എ കൾ (District Metered Area) ആക്കി തിരിച്ച ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുക, ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുക, വിതരണ ശൃംഖല വ്യാപിപ്പിക്കുക പരമാവധി ഗാർഹിക കണക്ഷനുകൾ നൽകുക എന്നിവ വരുമാനം വർദ്ധിപ്പിക്കുന്നതിനും, നിലവിലെ വിതരണം കാര്യക്ഷമമാക്കുന്നതിനും സഹായിക്കും. വരുമാന രഹിത ജലത്തിന്റെ അളവ് നിലവിൽ 40 മുതൽ 50ശതമാനം വരെ എന്നുള്ളത് 20 ശതമാനമാക്കി കുറക്കുന്നതിനായി മേഖലാ അടിസ്ഥാനത്തിൽ നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ച വരുന്നു. |
| (ബി) | എ. ഡി. ബി. സഹായത്തോടെ നടപ്പിലാക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി ഏതെല്ലാം നഗരങ്ങളിലാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി കൂടുതൽ നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ എ.ഡി.ബി. സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിദേശ സഹായത്തോടെ നടപ്പിലാക്കേണ്ട പദ്ധതിയായതിനാൽ ഇത് കൂടുതൽ നഗരങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് സ്വമേധയാ തീരുമാനമെടുക്കുവാൻ സാധിക്കുകയില്ല. കേന്ദ്ര സർക്കാർ മുഖാന്തിരമാണ് സഹായത്തിനായി എ.ഡി.ബി-യെ സമീപിക്കേണ്ടത്. ആയതിന്റെ സാധ്യത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | എ.ഡി.ബി സഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള വിതരണശൃംഖല ശക്തിപ്പെടുത്തി വിപുലീകരിച്ച 24x7 മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പഴയ ജല ശുദ്ധീകരണശാലകൾ നവീകരിക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | 70:30 എന്ന അനുപാതത്തിൽ 1757.7 കോടി രൂപ വായ്പയായും 753.3 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 2511കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ